**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2223** **09.03.2018**-ൽ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കായി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. വി. എസ്. ശിവകുമാർ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിചെയ്യുന്ന സ്ത്രീകൾക്കായി എത്ര വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ പണിയാൻ സാധിച്ചിട്ടുണ്ട്; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലി ചെയ്യുന്ന സ്ത്രീകൾക്കായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലായി 3 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കാനാണ് 2017-18 സാമ്പത്തിക വർഷം ലക്ഷ്യമിട്ടിരുന്നത്. തിരുവനന്തപുരത്ത് പേരൂർക്കടയിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ഉടമസ്ഥതയിലുള്ള രണ്ടേക്കർ സ്ഥലത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ആയതിനായി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതുപ്രകാരം ഹോസ്റ്റൽ നിർമ്മാണത്തിന് 5,45,58,846/-രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കോഴിക്കോട് കുന്ദമംഗലത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 15 സെന്റ് സ്ഥലത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൊച്ചിയിൽ സ്ഥലം കണ്ടെത്തിയിട്ടില്ല. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്;വ്യക്തമാക്കാമോ? | (ബി) | Expenditure ആയിട്ടില്ല. പ്രവർത്തി പുരോഗതിയ്ക്കനുസരിച്ച് PWD norms പ്രകാരം ഫണ്ട് റിലീസ് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ